LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്നതിന് പദ്ധതി

26 [2915] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലോര പുറമ്പോക്കുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ കടൽക്ഷോഭം മൂലം ഭവനരഹിതരായി തീരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരെ പുനരധിവസിപ്പിക്കുവാൻ തീരദേശങ്ങളോട് ചേർന്ന് ഭൂമിയും വീടും നൽകുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സുനാമി ദുരന്തത്തെ തുടർന്ന് വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി പുരോഗമിച്ചു വരുന്നു.

കടലോര പുറമ്പോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേകമായി പദ്ധതി ഒന്നും പരിഗണനയിലില്ല.

കോഴിക്കോട് ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്നും റോഡ് പുനരുദ്ധാരണത്തിനനുവദിച്ച തുക

27 [2916] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നിയോജക മണ്ഡലത്തിൽ 2003-04-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്നും റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾക്കായി എത്ര തുക അനുവദിച്ചു;

(ബി) ഏതെല്ലാം റോഡുകൾക്കാണീ തുക അനുവദിച്ചതെന്നും ഓരോ റോഡിനും എത്ര തുക വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ഇവയിൽ ഏതെല്ലാം റോഡുകളുടെ പ്രവർത്തികൾ പൂർത്തിയാക്കി ബിൽ തുക നൽകി എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 41 ലക്ഷം രൂപ

(ബി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(സി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

ഫ്ളഡ് റിലീഫ് പദ്ധതി പ്രകാരം റോഡ് പുനരുദ്ധാരണ പണികൾ

28 [2917] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഫ്ളഡ് റിലീഫ്' പദ്ധതി പ്രകാരം അനുവദിച്ച റോഡ് പുനരുദ്ധാരണ പണികളുടെ പ്രവർത്തന പുരോഗതി വിലയിരുത്താൻ നിലവിലുള്ള സംവിധാനമെന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ പ്രതിമാസ യോഗങ്ങൾ നിർദ്ദേശിക്കാമോ;

(സി) ബ്ളോക്ക് പഞ്ചായത്തുകളിൽ ഒഴിഞ്ഞ് കിടക്കുന്ന എഞ്ചിനീയർ, ഓവർസീയർ തസ്തികകളിൽ അടിയന്തിര നിയമനം നടത്താൻ നിർദ്ദേശം നൽകുമോ;

(ഡി) ഫ്ളഡ് റിലീഫ് പ്രവർത്തനങ്ങൾക്കായി 2002-03, 2003-04 വർഷങ്ങളിൽ തുക അനുവദിച്ചെങ്കിലും ഇനിയും നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്ത റോഡുകളുടെ പുനരുദ്ധാരണ പണികൾക്ക് പുതുക്കിയ മരാമത്ത് എസ്റ്റിമേറ്റ് നിരക്കുകൾ പ്രകാരം അധികമായി വേണ്ടിവരുന്ന തുകകൂടി അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ബ്ളോക്കു തലത്തിൽ ബി.ഡി.ഒ.-മാരുടെയും, ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാരുടെയും അദ്ധ്യക്ഷതയിൽ പ്രതിമാസ യോഗം കൂടി പണികളുടെ പുരോഗതി വിലയിരുത്താൻ സംവിധാനമുണ്ട്.

(ബി) രണ്ടു മാസത്തിലൊരിക്കലെങ്കിലും പുരോഗതി അവലോകനം ചെയ്യേണ്ടതാണ് എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

(സി) ഒഴിഞ്ഞുകിടക്കുന്ന എഞ്ചിനീയർ, ഓവർസീയർ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യം സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും റിപ്പോർട്ടുകൾ ഒന്നും ലഭിച്ചിട്ടില്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly